
# സാമൂഹ്യ നീതി

പുസ്തകം - 19, ജൂലായ് 2016, ലക്കം - 7

സമഗ്രനീതി, സാമൂഹ്യനീതി സാമൂഹ്യനീതി, സാമൂഹ്യശക്തി

## സ്ത്രീ ശാക്തീകരണ പ്രസിദ്ധീകരണം
## സ്ത്രീകളുടെ തുല്യാവകാശങ്ങളും, തുല്യാവസരങ്ങളും നമ്മുടെ ലക്ഷ്യം.



പി.ആർ.എസ് മാനേജ്മെന്റ് കമ്മിററിയുടെ 4 - 4 - 2016 ലെ തീരുമാന പ്രകാരം പി.ആർ.എസ് അന്തേവാസിനിയായിരുന്ന ശ്രീമതി ഗീതാ ശാന്തിയുടെ, ലോക്കറിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ പി.സി.എസ്.ജെ ട്രഷറർ അഡ്വ. വിൽഫ്രഡ് ദാസ്, ആരാധ്യയായ മേയർ ശ്രീമതി സൗമിനി ജയ്നിന്റെ സാന്നിദ്ധ്യത്തിൽ ഗീതാ ശാന്തിക്ക് നൽകുന്നു.

# 'ലഹരി' ഒരു ലഹരി



**G. Rekha Venugopal**
48/2429, Cheruvaranath,
Perandoor Road P.O,
Elamakkara
Kochi - 682 026

മനുഷ്യനിലുള്ള ജിജ്ഞാസ അവനെ എന്നും ഒരു അന്വേഷിയായി മാറ്റിയിരുന്നു. സത്യം, സമാധാനം, സന്തോഷം, ആത്മീയത തുടങ്ങി വെറും ഒരു രസമോ, പരീക്ഷണമോ, പുതു അനുഭവങ്ങൾക്കായുള്ള ത്വരയോ, എന്തിനൊക്കെയോ വേണ്ടിയുള്ള അന്വേഷണങ്ങൾ. ഈ യാത്രയിൽ നിശ്ചയമില്ലാത്ത താത്ക്കാലികമായ ലക്ഷ്യങ്ങളെ തേടിയുള്ള അലച്ചിലിൽ, എവിടെയൊക്കെയോ കാലിടറുകയും, കര കയറുകയും വീണ്ടും വീഴുകയുമെല്ലാം സംഭവിക്കുന്നു. പലതരം പ്രശ്നങ്ങൾ, തടസ്സങ്ങൾ ഇവയും അഭിമുഖീകരിക്കേണ്ടി വരുന്നു. ഇന്നു കാണുന്ന പ്രശ്നങ്ങളിൽ ഭീമമായ ഒന്നാകുന്നു ലഹരി തേടിയുള്ള പോക്കിൽ, അതു ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ. ഉപയോഗിക്കുന്ന വ്യക്തിയെ മാത്രമല്ല, കുടുംബത്തെ, സമൂഹത്തെ, മുഴുവനുമായി ബാധിക്കുന്ന പ്രശ്നങ്ങളാണിവ.

ലഹരിയുടെ ലോകം, പുകയില ഉൽപ്പന്നങ്ങൾ, മദ്യം, ഡ്രഗ്സ് (കഞ്ചാവ്, കൊക്കെയിൻ, കനാബീസ്, ഹെറോയ്ൻ തുടങ്ങിയവ) നിറഞ്ഞതാണ്. ഗ്രീക്കു ദേവനായ ഡയേനിസസ് ആണ് വൈൻ കണ്ടു പിടിച്ചതെന്ന് പറയപ്പെടുന്നു.

ജൂൺ 26 നമ്മൾ ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു. ഇവയുടെ ദൂഷ്യ വശങ്ങളെ കുറിച്ചുള്ള അവബോധം വളർത്തുവാൻ സെമിനാറുകളും മറ്റും സംഘടിപ്പിക്കുമ്പോഴും മറു ഭാഗത്ത് ഇതിന്റെ വിൽപ്പന പ്രത്യേകിച്ച് ഓൺ ലൈനിലൂടെയും മറ്റും തകൃതിയയായി നടക്കുന്നു. കൂടെ അറസ്റ്റുകളും.

ഉപഭോക്താക്കളുടെ പട്ടികയിൽ എട്ടു വയസ്സു മുതൽ എൺപത്തഞ്ചും, തൊണ്ണൂറും വയസ്സുള്ളവർ വരെ ഉൾപ്പെടുന്നു. സ്ത്രീ പുരുഷ ഭേദവും ഇല്ലതന്നെ. കഞ്ചാവ്, ഹാഷിഷ് തുടങ്ങിയ ലഹരി വസ്തുക്കൾ വലിക്കുവാൻ ഇ-സിഗരറ്റ് ഉപയോഗിക്കുന്നതായി സംസ്ഥാന ഡ്രഗ്സ് എൻഫോർസ്മെന്റ് വിഭാഗം കണ്ടെത്തിയതിനെ തുടർന്ന് ഇ-സിഗരറ്റിന്റെ ഉത്പാദനം, വിൽപ്പന, പരസ്യപ്പെടുത്തൽ തുടങ്ങിയവ നിരോധിച്ചു കൊണ്ട് ഉത്തരവിറക്കുവാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഒരുങ്ങുന്നു.

ലഹരി പുകയിലയിൽ തുടങ്ങി കഞ്ചാവും, വൈറ്റ്നറും, എക്ടസി, കൊക്കെയിൻ, എൽ..എസ്.ഡിയുമൊക്കെയായി മാറുന്നു. കേരളം ഡ്രഗ്സിന്റെയും മദ്യപാനത്തിന്റെയുമൊക്കെ പറുദീസയായി മാറുന്ന കാഴ്ച ഖേദകരമാണ്. മാത്രമല്ല അപകടകരവും.

കാരണങ്ങൾ തിരഞ്ഞാൽ, മൂല്യതകർച്ച, കുടുംബ ബന്ധങ്ങളുടെ അസ്ഥിരതയും തകർച്ചയും നല്ലൊരു റോൾ മോഡൽ കുട്ടികളുടെ മുന്നിൽ ഇല്ലാത്ത അവസ്ഥ, മാനസികവും ശാരീരികവുമായ പിരിമുറുക്കങ്ങൾ, അപകത്വത, നൈരാശ്യം, പിയർഗ്രൂപ്പ് അഥവാ ഒരേ പ്രായത്തിലുള്ള സുഹൃത്തുക്കളുടെ സമ്മർദ്ദം, ശക്തിയായ, ശരിയായ ലക്ഷ്യത്തിന്റെ അഭാവം, തൊഴിലില്ലായ്മ, വികലമായ ഭരണ സാരഥ്യം, ക്രിമിനൽ പ്രവണതകളെ തടയുന്ന തരത്തിലുള്ള കർക്കശമായ നിയമ പരിപാലനം ഇല്ലാതിരിക്കുക ഇവയെല്ലാമാകാം കാരണങ്ങളിൽ ചിലത്, സുഖഭോഗ സംസ്ക്കാരത്തിലേക്കുള്ള സമൂഹത്തിന്റെ നീക്കം, മുതിർന്ന തലമുറയും യുവ തലമുറയും തമ്മിലുള്ള വർദ്ധിച്ചു വരുന്ന വിടവ്, കെട്ടുറപ്പില്ലാത്ത ബന്ധങ്ങൾ, ഇന്റർനെറ്റിന്റെ, ഡിജിറ്റൽ യുഗത്തിന്റെ 'ഞാനെന്ന' ഞാൻ മാത്രമാണെന്ന തോന്നലിന്റെ പ്രാധാന്യം, ഇവയെല്ലാം കാരണമാവാം. കൂടാതെ ആധുനികതയുടേയും പാശ്ചാത്യവൽക്കരണത്തിന്റേയും അളവുകോൽ ഇതൊക്കെയാണെന്നുള്ള ചിലരുടെ മിഥ്യാ ധാരണയും കാരണമാകാവുന്നതാണ്. ഭക്ഷണങ്ങളിൽ, വസ്ത്രധാരണത്തിലുമെന്ന പോലെ ചിന്തകളിലും, രീതികളിലും, രുചികളിലും വരുന്ന മാറ്റങ്ങളെ ല്ലാം ലഹരിയിലേക്ക് നയിക്കുന്നു.

ഭവിഷ്യത്തുക്കൾ നിരവധിയാണ്. കാരണങ്ങൾ തന്നെ ഭവിഷ്യത്തുകളായി പരിണമിക്കുന്നു. ഉറപ്പിന്റെ അടിത്തറയായ കുടുംബം ആടിയുലയുന്നു. തുടർന്ന് തകരുന്നു. ഈ തകർച്ച സമൂഹത്തിന്റെ തകർച്ചയ്ക്കും വഴി തെളിക്കുന്നു. മാനസികമായ പിരിമുറുക്കങ്ങൾ, മനോരോഗങ്ങൾ, പലവിധത്തിലുള്ള കാൻസറുകൾ, വായിലും കരളിലും ഉണ്ടാകുന്നു. ഹൃദ്രോഗങ്ങൾക്കും ഇവ കാരണമാകുന്നു. നെർവസ് ബ്രേക്ക് ഡൗൺ തൊഴിലിനെയും ജീവിതത്തെയും ബാധിക്കുന്നു. വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെ ഭാവി തന്നെ അവതാളത്തിലാകുന്നു.

മൂല്യബോധനവും പ്രശ്നത്തിനോടുള്ള സമഗ്രമായ ആരോഗ്യപരമായ സമീപനവും പരിഹാര മാർഗ്ഗമാകും. കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയിൽ ജാഗ്രത പുലർത്തുക, സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ ചെലുത്തുക എന്നിവ കുടുംബത്തിൽ തുടങ്ങണം. വ്യക്തികളും സമൂഹവും ഒന്നിച്ച് ശ്രമിച്ചാൽ പരിഹാരം നിശ്ചയം. കൗൺസിലിംഗിലൂടെ മരുന്നുകളിലൂടെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന കഴിവ് തിരിച്ചു പിടിക്കാം. മയക്കു മരുന്ന്, മദ്യ ലോബികളിൽ നിന്നും വിടുതൽ കിട്ടുവാൻ ശക്തമായ നിയമവും ശിക്ഷയും അനിവാര്യമാണ്. മാദ്ധ്യമങ്ങൾക്കുള്ള പങ്കും തള്ളിക്കളയാവുന്നതല്ല.

**ധർമ്മത്തിൽ ചരിക്കുന്ന നല്ല വ്യക്തി, നല്ല കുടുംബം, നല്ല സമൂഹം, നല്ല ഗവൺമെന്റ് എല്ലാറ്റിലും ഉപരി നിലയായി നീതിക്കു വേണ്ടി നില കൊള്ളുന്ന ഒരു നീതി പീഠവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമാകുന്നു.** □

# ലഹരിയിൽ മുങ്ങുന്ന കൗമാരം



**ഡോ. അരുൺ.ബി.നായർ**
അസിസ്റ്റന്റ് പ്രൊഫസർ
സൈക്യാട്രി, മെഡിക്കൽ കോളേജ്
തിരുവനന്തപുരം
arunb.nair@yahoo.com

സമീപകാലത്ത് നാം വായിക്കാനിടയായ പല പത്ര വാർത്തകളും മനസ്സിന് ഏറെ അസ്വസ്ഥതയുണ്ടാക്കുന്നവയാണ്. മദ്യപിച്ച് ക്ലാസ്സിലെത്തി ബഹളം വച്ച പത്താം ക്ളാസ്സുകാരൻ.. കഞ്ചാവു വലിച്ച് മാനസിക വിഭ്രാന്തിയുണ്ടായ കോളേജ് വിദ്യാർത്ഥി.. കൊച്ചു കുട്ടികളെ ലൈംഗിക ചൂഷണത്തിനു വിധേയനാക്കിയ പതിനാറുകാരൻ, ഇന്റർനെറ്റിൽ മണിക്കൂറോളം ദിവസേന ചെലവഴിച്ച് ഒടുവിൽ അതില്ലാതെ ഒരു ദിവസം പോലും ജീവിക്കാനാകാത്ത കുട്ടികൾ.. എങ്ങോട്ടാണ് നമ്മടെ കൗമാര പ്രായക്കാർ പോകുന്നതെന്ന ആശങ്ക അധ്യാപകരെയും മാതാപിതാക്കളെയുമൊക്കെ അലട്ടിത്തുടങ്ങിയിരിക്കുന്നു.

പത്തു വയസ്സു മുതൽ പത്തൊൻപത് വയസ്സുവരെയുള്ള കാലഘട്ടത്തെയാണ് ലോകാരോഗ്യ സംഘടന 'കൗമാരം' എന്ന് നിർവ്വഹിച്ചിട്ടുള്ളത്. ദ്രുതഗതിയിലുള്ള ശാരീരികവും മാനസികവുമായ വളർച്ച സംഭവിക്കുന്ന ഈ കാലഘട്ടത്തിലെ അനുഭവങ്ങളാണ് ഒരാളുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നത്. പല മാനസികാരോഗ്യ പ്രശ്നങ്ങളുടേയും പ്രാരംഭ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നത് ഇക്കാലത്ത് ജീവിതാന്ത്യം വരെ നീണ്ടു നിൽക്കുന്ന പല ദുശ്ശീലങ്ങളും ആരംഭിക്കുന്നതും കൗമാരത്തിലാണ് ഇക്കാരങ്ങൾ കൊണ്ടു തന്നെ കൗമാരക്കാരായ കുട്ടികൾക്ക് എന്തു സംഭവിക്കുന്നു എന്ന് അധ്യാപകരും രക്ഷാകർത്താക്കളും പൊതു സമൂഹവും നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

സമീപ കാലത്ത് കൗമാരക്കാരുടെയിടയിലെ മദ്യോപയോഗത്തെക്കുറിച്ചുള്ള ഒരു